മാറാട് സംഭവത്തെത്തുടർന്ന് കസ്റ്റഡിയിലെടുത്തവർ

94 [5841] ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മേയ് 2-ന് മാറാടുണ്ടായ കൂട്ടക്കൊലയെത്തുടർന്ന് എത്ര ആളുകളെ സംഭവസ്ഥലത്തും, സമീപപ്രദേശത്തുനിന്നും പോലീസ് കസ്റ്റഡിയിലെടുത്തിരുന്നു;

(ബി) ഇവർ ആരൊക്കെയാണെന്നും ആരെല്ലാം കേസിൽ പ്രതികളാണെന്നും അറസ്റ്റ് രേഖപ്പെടുത്താതെ വിട്ടയച്ചവർ ആരെല്ലാമാണെന്നും വ്യക്തമാക്കാമോ;

(സി) കൂട്ടക്കൊലയെ തുടർന്ന് പ്രത്യാക്രമണത്തിനു തുനിഞ്ഞ അരയ സമുദായത്തിൽപ്പെട്ടവരെ പോലീസ് തടഞ്ഞിരുന്നുവോ;

(ഡി) അവരെ പോലീസ് കസ്റ്റഡിയിൽ എടുത്തിരുന്നുവോ; എങ്കിൽ എന്തെല്ലാം തുടർനടപടികളാണ് ഇവരുടെ കാര്യത്തിൽ പോലീസ് സ്വീകരിച്ചത്;

(ഇ) ഇവർ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 20 പേരെ മേയ് രണ്ടിന് പോലീസ് കസ്റ്റഡിയിൽ എടുത്തിരുന്നു.

(ബി) കസ്റ്റഡിയിൽ എടുത്ത 20 പേരെയും അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി റിമാൻഡിൽ കഴിഞ്ഞുവരികയാണ്. അറസ്റ്റ് രേഖപ്പെടുത്താതെ ആരെയും വിട്ടയച്ചിട്ടില്ല. അറസ്റ്റ് ചെയ്തവരുടെ വിവരം അനുബന്ധം I-ൽ ചേർത്തിരിക്കുന്നു. †

(സി) തടഞ്ഞിരുന്നു.

(ഡി) 25 പേരെ കസ്റ്റഡിയിൽ എടുത്തിരുന്നു. 25 പേരെയും സി.ബി. സി.ഐ.ഡി. ക്രൈം 117/സി. ആർ./03 കേസിൽ ഉൾപ്പെടുത്തി അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുള്ളതും കോടതി ഇവരെ ജാമ്യത്തിൽ വിട്ടയച്ചിട്ടുള്ളതുമാണ്.

(ഇ) വിശദവിവരം അനുബന്ധം II-ൽ ചേർത്തിരിക്കുന്നു. †

ലോക്കൽ പോലീസ് സ്റ്റേഷനിൽ വനിതാ കോൺസ്റ്റബിൾമാരുടെ തസ്തിക സൃഷ്ടിക്കാൻ നടപടി

95 [5845] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിശീലനം പൂർത്തിയാക്കി ലോക്കൽ പോലീസ് സ്റ്റേഷനുകളിൽ നിയമനം നൽകിയിട്ടുള്ള വനിതാ പോലീസ് കോൺസ്റ്റബിൾമാർക്ക് അതാത് ലോക്കൽ പോലീസ് സ്റ്റേഷനുകളിൽ ഒഴിവുള്ള തസ്തികകളിൽ തന്നെയാണോ നിയമനം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly